I ഇ.ബി. XV - കേരള നിയമസഭ/IV-6

**പതിനഞ്ചാം കേരള നിയമസഭ**

നാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2022 മാർച്ച് 11, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അറിയിപ്പ്

അംഗങ്ങളുടെ ഇരിപ്പിട ക്രമീകരണം

മി. സ്പീക്കർ: 2022 ഫെബ്രുവരി 18-ാം തീയതി ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടി ആരംഭിച്ച 15-ാം കേരള നിയമസഭയുടെ നാലാം സമ്മേളനം 14 ദിവസത്തെ ഇടവേളയ്ക്കുശേഷം ബഡ്ജറ്റ് അവതരണത്തിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി ഇന്ന് പുനരാരംഭിക്കുകയാണ്. കോവിഡ് വ്യാപനത്തെത്തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ ഭാഗമായി നിശ്ചിത അകലത്തിൽ സീറ്റുകൾ ക്രമീകരിച്ചാണ് കഴിഞ്ഞ രണ്ടുവർഷക്കാലമായി സഭാ സമ്മേളനങ്ങൾ

നടന്നുവരുന്നത്. സഭയ്ക്കകത്ത് ഇരിപ്പിട ക്രമീകരണം പഴയ രീതിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിലും കോവിഡുമായി ബന്ധപ്പെട്ട മറ്റെല്ലാ പ്രോട്ടോക്കോളും തുടർന്നും അംഗങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

## II. ക്രമപ്രശ്നം

സാമ്പത്തിക അവലോകനം സമർപ്പിക്കാത്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബഡ്ജറ്റ് അവതരണത്തിനുമുമ്പ് സംസ്ഥാനത്തിന്റെ പൊതു ധനസ്ഥിതി, ബഡ്ജറ്റിലെ നയസമീപനങ്ങൾ, പദ്ധതികളുടെ മുൻഗണന എന്നിവയെക്കുറിച്ച് പ്രീ ബഡ്ജറ്റ് ചർച്ച നടത്തുന്നതിന് 'സാമ്പത്തിക അവലോകനം' മുൻകൂട്ടി ലഭ്യമാക്കണമെന്ന നിർദ്ദേശം നൽകണം.

### റൂളിംഗ്

മി. സ്പീക്കർ: സാമ്പത്തിക അവലോകനം ഭരണഘടനാ/സഭാചട്ട പ്രകാരം കൃത്യമായ സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിച്ചിരിക്കേണ്ട ഒരു സ്റ്റാറ്റ്യൂട്ടറി രേഖയായിട്ടല്ല പരിഗണിക്കപ്പെട്ടുവരുന്നത്. ഈ വർഷം സഭയുടെ നടപ്പുസമ്മേളനത്തിനിടയ്ക്ക് പതിനാല് ദിവസത്തെ ഇടവേളയുണ്ടായതുകൊണ്ടാണ് 2021-ലെ സാമ്പത്തിക അവലോകനം ബഡ്ജറ്റ് അവതരണത്തിന് മുന്നോടിയായി സഭയുടെ മേശപ്പുറത്തുവയ്ക്കാൻ

കഴിയാതിരുന്നത്. ഇക്കാര്യത്തിൽ ചട്ടവിരുദ്ധമായി ഒന്നുമുണ്ടായിട്ടില്ല. സാമ്പത്തിക അവലോകനം പോലൊരു സുപ്രധാനരേഖ ഔപചാരികമായി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനും അംഗങ്ങൾക്ക് കോപ്പികൾ ലഭ്യമാക്കുന്നതിനുംമുമ്പ് സഭയ്ക്ക് പുറത്ത് പ്രസിദ്ധീകരിക്കുന്നതിനോട് ചെയറിന് യോജിപ്പില്ലാതിരുന്നതിനാലാണ് സഭയുടെ മേശപ്പുറത്ത് വച്ചതിനുശേഷം പ്രസിദ്ധീകരിക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. ഇന്ന് ബഡ്ജറ്റിനോടൊപ്പമാണ് ഈ രേഖ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാകുന്നതെങ്കിൽപ്പോലും നാളെയും അതിനടുത്ത ദിവസവും സഭാ സമ്മേളനമില്ലാത്ത സാഹചര്യത്തിൽ ബഡ്ജറ്റിനെ സംബന്ധിച്ച് തിങ്കളാഴ്ച മുതൽ നടക്കുന്ന പൊതുചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് സാമ്പത്തിക അവലോകനത്തിലെ ഉള്ളടക്കം വിശദമായി പഠിക്കുവാൻ വേണ്ടത്ര സമയം ലഭ്യമാകും. ഭാവിയിൽ ഇതൊരു കീഴ്വഴക്കമായി മാറുന്നതിനോട് യോജിക്കുന്നില്ല. ഈ സാഹചര്യത്തിൽ ക്രമപ്രശ്നത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ തീർപ്പാക്കിയതായി റൂൾ ചെയ്യുന്നു.

## III. ധനകാര്യം

**<u>2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണം</u>**

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2021-22

സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും 2011-2012 മുതൽ 2015-2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റുകളും 2022-2023 മുതൽ 2024-2025 വരെയുള്ള മീഡിയം ടേം ഫിസ്ക്കൽ പോളിസി സ്റ്റേറ്റ്മെന്റും മീഡിയം ടേം ഫിസ്ക്കൽ പ്ലാൻ അടക്കമുള്ള സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ആനുവൽ റിപ്പോർട്ടും ആനുവൽ അക്കൗണ്ട്സും ഫിഡിലിറ്റി സർട്ടിഫിക്കറ്റ്, സാമ്പത്തിക അവലോകനം-2021 എന്നിവയും മേശപ്പുറത്തുവച്ചു.

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിച്ചു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.25-ന് പൂർത്തിയാക്കി.

മി. സ്പീക്കർ: ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് പ്രസംഗത്തിന്റെ പകർപ്പ് നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ഇപ്പോൾ മുതൽ ലഭ്യമാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ്

അംഗങ്ങൾക്ക് അവരവരുടെ വാസസ്ഥലങ്ങളിൽ എത്തിക്കുന്നതും മാധ്യമപ്രതിനിധികൾക്ക് 407-ാം നമ്പർ മുറിയിൽനിന്നും ലഭിക്കുന്നതുമാണ്. ബഡ്ജറ്റ് രേഖകൾ പ്രിന്റ് ചെയ്ത് ലഭ്യമാക്കുന്ന തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ സംഭവിച്ച ചില സാങ്കേതിക തകരാറുകൾ കാരണം ഇപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രമാധ്യമ പ്രതിനിധികൾക്കും നൽകാനുള്ള കോപ്പി മാത്രമേ ലഭ്യമായിട്ടുള്ളൂ. തകരാർ പരിഹരിച്ചതിനുശേഷം ആവശ്യമുള്ള കോപ്പി ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.25- ന് പിരിഞ്ഞു.

******